# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7166 16/07/2012-ലെ മറുപടിക്ക്

<u>ഭൂമിക്കു വേണ്ടിയുള്ള ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) കോഴിക്കോട് സർവ്വകലാശാലയിൽ ഭൂമി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പ്മെന്റ് സൊസൈറ്റി എന്ന സ്ഥാപനം സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ ; | എ) സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനമാണ് ഭൂമി ആവശ്യപ്പെട്ട് സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നത്. 8-11-2011 ലാണ് അപേക്ഷ സമർപ്പിച്ചത് |
| ബി) ഈ അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയുണ്ടായോ ; എങ്കിൽ അപേക്ഷയിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ; | ബി) 8-12-2011-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം അപേക്ഷ പരിഗണിക്കുകയും വിശദമായ പദ്ധതി ഉൾപ്പെടെ 3 മാസത്തിനകം മാസ്റ്റർ പ്ലാൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. |
| സി) ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റി എന്ന സ്ഥാപനം ഭൂമിക്കുവേണ്ടി കോഴിക്കോട് സർവ്വകലാശാലക്ക് അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ന് ; | സി) ഗ്രേയ്സ് എഡ്യൂക്കേഷണൽ അസോസിയേഷൻ എന്ന സ്ഥാപനമാണ് അപേക്ഷ നൽകിയത് ; 20-03-2012 |
| (ഡി) അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയുണ്ടായോ ; എങ്കിൽ എന്ന്; എന്ത് തീരുമാനമാണ് അപേക്ഷയിന്മേൽ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (ഡി) പരിഗണിക്കുകയുണ്ടായി. 27-03-2012 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം സി.എച്ച്. മുഹമ്മദ്കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ & റിസർച്ച് ഫോർ ഡവലപ്പിംഗ് |

| | | |
|---|---|---|
| | | സോസൈറ്റി സ്ഥാപിക്കാൻ സർവ്വകലാശാലയുടെ ഭൂവിനിയോഗ നയത്തിന് വിധേയമായി താഴെ പ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി അനുവാദം നൽകാൻ തീരുമാനിച്ചു.<br>1) ഭൂമിയുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കും.<br>2) സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തിന് വിധേയമായിരിക്കും<br>3) പ്രസ്തുത സ്ഥാപനം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സർവ്വകലാശാലയുടെ ചട്ടങ്ങൾക്കും റഗുലേഷൻസിനും അനുസരിച്ചുള്ളതായിരിക്കും. |
| (ഇ) | ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റിക്കുവേണ്ടി കോഴിക്കോട് സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിച്ചതാര്; പേരും വിലാസവും വെളിപ്പെടുത്തുമോ ; | (ഇ)സയ്ദ് ഹൈദർ അലി ശിഹാബ് തങ്ങൾ ചെയർമാൻ, ഗ്രേയ്സ് എഡ്യൂക്കേഷണൽ അസോസിയേഷൻ പി.ബി.നം 3; പി.ഒ വെളിമുക്ക്, മലപ്പുറം ജില്ല-676317 |
| (എഫ്) | ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷയിന്മേൽ വിവിധ ഘട്ടങ്ങളിലായി സർവ്വകലാശാല സിൻഡിക്കേറ്റ് എടുത്ത തീരുമാനങ്ങൾ വെളിപ്പെടുത്തുമോ ? | 27-03-2012 -ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷ അംഗീകരിച്ചു കൊണ്ടുള്ള തീരുമാനം 24-4-2012-ലെ സിൻഡിക്കേറ്റ് യോഗം റദ്ദാക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**